**പതിമൂന്നാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **05-07-2012 - ൽ** |
| **ചോദ്യം നമ്പർ - 5370** | **മറുപടിക്ക്** |

## ഗ്രാമീണമേഖലയിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് : | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) നഗരങ്ങളിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾ ഗ്രാമീണ മേഖലയിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഐ.ടി. മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ ഒരു ജില്ലയിൽ ഒന്നുവീതം ജില്ലാ ആസ്ഥാനങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ ഗ്രാമീണ മേഖലയിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഇൻഫർമേഷൻ കേരള മിഷൻ മുഖേന ജനസേവന കേന്ദ്രങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളിലും വെബ് അധിഷ്ഠിത പുതിയ സോഫ്റ്റ് വെയറായ "ഫ്രീസ്" വിന്യസിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ആയത് നിലവിൽ വന്നാൽ ഏത് സ്ഥലത്തു നിന്നുമുള്ള സേവനം ഏത് ഫ്രണ്ട്സ് കേന്ദ്രങ്ങളിലും ലഭ്യമാകും. |
| (ബി) പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പഞ്ചായത്തുകളെ ഇ-പഞ്ചായത്തുകളാക്കി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളെയാണെന്ന് വ്യക്തമാക്കുമോ? | (ബി) ഉണ്ട്. പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, സർക്കാരിലേക്ക് സമർപ്പിക്കേണ്ട പദ്ധതി-പദ്ധതിയിതര കണക്കുകൾ, വിവിധ റിപ്പോർട്ടുകൾ, ജീവനക്കാർക്ക് നൽകേണ്ട സേവനങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉതകുന്ന സേവന സിവിൽ രജിസ്ട്രേഷൻ, സേവനപെൻഷൻ, സുലേഖ, സ്ഥാപന, സാംഖ്യ, സഞ്ചിത, സംവേദിത, സഞ്ചയ, സുഗമ, സൂചിക, ഹോസ്പിറ്റൽ കിയോസ്ക് എന്നിങ്ങനെയുള്ള പതിനാറോളം ആപ്ളീക്കേഷൻ സോഫ്റ്റ് വെയറുകൾ ഇപ്പോൾ തന്നെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആപ്ളീക്കേഷൻ സോഫ്റ്റ് വെയറുകൾ 978 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിപ്പിച്ച് ഗ്രാമപഞ്ചായത്തുകളെ ഇ-പഞ്ചായത്തുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വെള്ളനാട്, തളിക്കുളം, താനാളൂർ, തുമ്പമൺ എന്നീ ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കൃത പഞ്ചായത്തുകളാണ്. |

**സെക്ഷൻ ആഫീസർ**